**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **04-10-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികളുടെ മടങ്ങിപ്പോക്കിന് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധിയെ തുടർന്ന് മടങ്ങാനാവാതെ ലക്ഷക്കണക്കിന് മലയാളി പ്രവാസികൾ നാട്ടിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ മടങ്ങിപ്പോക്കിന് സഹായകമാകുന്ന എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തേക്ക് തൊഴിലിനായി പോകുന്നവർക്കും, വിദേശ രാജ്യങ്ങളിൽ പഠിക്കുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ, വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി പ്രവാസികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കിയിരുന്നു. |
| (ബി) | ലഭിച്ച വാക്സിന്റെ അംഗീകാരമില്ലായ്മ, വിസ കാലാവധി കഴിഞ്ഞ സാഹചര്യം, പതിൻമടങ്ങ് വർദ്ധിച്ച വിമാനക്കൂലി തുടങ്ങിയ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയാമോ; വ്യക്തമാക്കാമോ; | (ബി) | വാക്സിൻ അംഗീകാരം, വിസ റഗുലറൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നയതന്ത്ര ചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയങ്ങളോട് ചീഫ് സെക്രട്ടറി തലത്തിലും, ബഹു.പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോട് മുഖ്യമന്ത്രിതലത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാനമന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ നിരക്ക് നിയന്ത്രണം കേന്ദ്രസർക്കാർ എടുത്ത് കളഞ്ഞതിലൂടെ എയർ ക്രാഫ്റ്റുകൾ സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. |
| (സി) | ഗൾഫ് നാടുകളിലേക്ക് മടങ്ങാനാകാതെ കഷ്ടപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ജാഗ്രതാ പോർട്ടലിലെ 01.10.2021-ൽ ലഭ്യമായ കണക്കുകൾ പ്രകാരം ആകെ മടങ്ങി വന്ന പ്രവാസികൾ 17,12,667 (പതിനേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി അറുന്നൂറ്റിയറുപത്തേഴ്) ആണ്. |

| | | | |
|---|---|---|---|
| | | | എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം മെയ് 2020 - ആഗസ്റ്റ് 2021 കാലയളവിൽ കേരളത്തിലെ 4എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് യാത്ര ചെയ്തവർ 31,71,844 (മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിനാല്) ആണ്. തിരിച്ചു പോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ട് എന്ന് മേൽ കണക്ക് പ്രകാരം കരുതാവുന്നതാണ്. |

സെക്ഷൻ ഓഫീസർ